അങ്കമാലി നഗരസഭു

ഗവ. യു. പി. എസ് പീച്ചാനിക്കാട്

# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 2026



നല്ല മനുഷ്യരാകാൻ ..നന്മയുള്ള വിദ്യാലയം

## ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു . ഈ സാഹചര്യത്തിൽ നമ്മുടെ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ മികവിനെ ലക്ഷ്യം വെച്ചുകൊണ്ട് നിരവധി പ്രവർത്തനങ്ങളുമായാണ് ജി യു പി എസ് പീച്ചാനിക്കാട് പുതിയ അക്കാദമിക വർഷത്തിലേക്ക് പ്രവേശിക്കുന്നത് . കുട്ടികളുടെ സമഗ്രമായ വിക സനം ലക്ഷ്യം വെച്ചുകൊണ്ടുള്ള നിരവധി പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് . അതുകൊണ്ടുതന്നെ കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു . ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകും എന്നത് ഉറപ്പാണ് .

## ഗവൺമെൻറ് യുപിസ്കൂൾ പീച്ചാനിക്കാട്

ആദ്യകാലത്ത് ചക്കരപ്പറമ്പ് കപ്പേള പരിസരത്ത് പള്ളിയാൻ ആശാന്റെ നേതൃത്വത്തിൽ ഒ രു ആശാൻ കളരി പ്രവർത്തിച്ചിരുന്നു. പീച്ചാനിക്കാട് കരയിൽ കൊല്ലം മൂല എന്ന സ്ഥ ലത്ത് നാലാം ക്ലാസ് വരെയുള്ള വിദ്യാലയം ഉണ്ടായിരുന്നു. ഈ നാട്ടിലെ ചില പ്രമുഖർ ചേർന്ന് തുടങ്ങിയതാണ് ഇത്. അമ്പാട്ട് മത്തായി ആയിരുന്നു മാനേജർ പിന്നീട് അവകാ ശത്തർക്കം സംബന്ധിച്ച കേസ് ഉണ്ടായി. വിദ്യാലയത്തിന് നില നിൽക്കാൻ പറ്റാത്ത അവ സ്ഥ വന്നു ഈ സാഹചര്യത്തിൽ നാട്ടുകാരുടെ ആവശ്യപ്രകാരം ഒരു പൊതു വിദ്യാല യം സ്ഥാപിക്കേണ്ടതായി വന്നു . ശ്രീ കെ വി പൗലോസ് കൂരൻ താഴത്തുപറമ്പിൽ വിദ്യാ ലയം സ്ഥാപിക്കുന്നതിലേക്ക് 50 സെൻറ് സ്ഥലം സൗജന്യമായും 50 സെൻറ് സർക്കാർ വിലയ്ക്കും ഭൂമി വിട്ടു തന്നു. പി വി റാഫേൽസർ, തേലപ്പിള്ളി പൗലോസ്, ആറ്റാശ്ശേരി മന നാരായണൻ നമ്പൂതിരി, കൂരൻ താഴത്ത് പറമ്പിൽ മത്തായി പൗലോസ് ,എസി പ ൗലോസ് ആലുക്കൽ എന്നിവർ ഈ വിദ്യാലയം സ്ഥാപിക്കുന്നതിനായി ഏറെ പ്രവർത്തി ച്ചിട്ടുണ്ട്. അങ്ങനെ 1950 ൽ ഒരു എൽ പി സ്കൂൾ ആയി ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. 1960 61 ൽ ഒരു യു പി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

ഈ വിദ്യാലയത്തിൽ പഠിച്ച് പ്രശസ്തരായ ഒട്ടേറെപ്പേരുണ്ട് അവരിൽ പ്രധാനികൾ ലോക പ്രശസ്ത ചിത്രകാരനും കൊച്ചിമുസിരിസ് ബിനാലെ ക്യൂറേറ്റർ കൂടിയായ ബോസ് കൃഷ്ണമാചാരി. ഡോക്ടർ ഏലിയാസ് ആലുക്കൽ ,എബ്രഹാം മാർ സേ വേറിയോസ് മെത്രാപ്പൊലീത്ത ഇത് ഇങ്ങനെ നിരവധി പ്രമുഖരെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്.

ഒരു കാലഘട്ടത്തിൽ ഈ വിദ്യാലയം പീച്ചാനിക്കാട് പ്രദേശത്തെ ഏക പൊതുസ്ഥാപനം ആയിരുന്നു .സാമൂഹിക സാംസ്കാരിക രംഗത്ത് അങ്കമാലി പട്ടണത്തോട് ചേർന്ന് കിട ക്കുന്ന ഈ പ്രദേശം അങ്കമാലി പഞ്ചായത്തിന്റെ ഭാഗമായി നിലകൊണ്ടു. 1980 അങ്കമാ ലി പഞ്ചായത്ത് നഗരസഭയായി മാറിയപ്പോൾ പീച്ചാനിക്കാട് പ്രദേശവും നഗരസഭയുടെ ഭാഗമായി. അങ്കമാലി നഗരസഭയുടെ 30 ,1, 2 എന്നീ വാർഡുകളും കൂടിച്ചേർന്ന ഒരു കാർഷിക ഗ്രാമീണ മേഖലയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ വിദ്യാലയത്തിലെ പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ ഇവിടെയുള്ള പ്രാദേശികമായ

സാഹചര്യങ്ങൾ കൂടി കണക്കിലെടുക്കാറുണ്ട്. കർഷകരും കർഷകത്തൊഴിലാളികളും അടങ്ങുന്ന ഒരു സമ്മിശ്ര സമ്പദ് വ്യവസ്ഥയാണ് ഇവിടെ നിലകൊള്ളുന്നത് കിഴക്ക് തെക്ക് ഭാഗത്ത് ഗ്രാമത്തെ തട്ടിക്കൊണ്ടുപോകുന്ന മാഞ്ഞാലി പുഴയും വടക്കുഭാഗത്തു ള്ള വെള്ളിലാപ്പൊങ്ങ് എന്നറിയപ്പെടുന്ന ഉയർന്ന പ്രദേശങ്ങളും കൂടി സമാനമല്ലാത്ത ഭൂ പ്രകൃതിയാണ് ഉള്ളത്. ജലദൗർലഭ്യം പ്രധാന പ്രശ്നമാണ്. അതുകൊണ്ടുതന്നെ വിദ്യാ ലയത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. വിദ്യാലയം രൂ പീകൃതമായപ്പോൾ ഉണ്ടായ കെട്ടിടങ്ങൾ അല്ലാതെ മറ്റു പുതിയ കെട്ടിടങ്ങൾ ഒന്നും തന്നെ ഇതുവരെ നിർമ്മിച്ചിട്ടില്ലായിരുന്നു. അന്താരാഷ്ട്ര നിലവാരത്തിനോട് താദാത്മ്യം പ്രാ പിക്കണം എങ്കിൽ ഉന്നത നിലവാരം പുലർത്തുന്ന ഹൈടെക് കെട്ടിടങ്ങൾ ആവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്ന് പുതിയ കെട്ടിടം ഇപ്പോൾ ലഭ്യമായിരിക്കുകയാണ്.

1970 കാലഘട്ടത്തിൽ 20 ഡിവിഷൻ വരെ ഉണ്ടായിരുന്ന വിദ്യാലയത്തിൽ 2012 13 വ ർഷം ആയപ്പോഴേക്കും കേവലം 30 കുട്ടികൾ ഉള്ള അവസ്ഥയിൽ എത്തിച്ചേർന്നു. തുട ർന്ന് സ്കൂൾ വികസന സമിതി രൂപീകരിക്കുകയും അധ്യാപകരുടെയും നാട്ടുകാ രുടെയും ശ്രമഫലമായി കുട്ടികളുടെ പ്രവേശനത്തിൽ വർധന ഉണ്ടാകുകയും 2025 26 പ്രവർത്തന വർഷത്തിൽ 26 പ്രീ പ്രൈമറി കുട്ടികളും 129 കുട്ടികളുമുൾപ്പെടെ 155 കുട്ടികൾ വിദ്യാലയത്തിൽ പഠിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | :ജി യു പി എസ് പീച്ചാനിക്കാട് |
| ഉപജില്ല | :അങ്കമാലി |
| വിദ്യാഭ്യാസ ജില്ല | :ആലുവ |
| ജില്ല | :എറണാകുളം |
| സംസ്ഥാനം | : കേരളം |
| നഗരസഭ | :അങ്കമാലി |
| ഫോൺ | :9496225051 |
| ഇമെയിൽ | :headmastergups@gmail.com |

## കുട്ടികളുടെ എണ്ണം

| | |
|---|---|
| പ്രീ പ്രൈമറി | :26 |
| എൽ.പി ,യു.പി | :129 |
| ആകെ കുട്ടികളുടെ എണ്ണം | :155 |

## പൊതു ലക്ഷ്യങ്ങൾ

1. അതാത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ നേടി എന്ന ഉറപ്പുവരുത്തുക .

2. വിദ്യാലയവും പരിസരവും ആകർഷണീയവും ശിശു സൗഹൃദവും ആക്കി മാറ്റുക .

3. കുട്ടികളുടെ കഴിവുകൾക്കും അഭിരുചികൾക്കും സർഗാത്മകതയും കൂടുതൽ പ്രാധാന്യം നൽകുക .

4. പ്രകൃതിയെ അറിഞ്ഞുകൊണ്ട് പഠിക്കാൻ അവസരം നൽകുക .

5. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുക .

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനികവൽക്കരിക്കുക .

7. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയത്തിൽ നിന്നുകൊണ്ട് പഠന ഇടങ്ങൾ ഒരുക്കുക .

8. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക .

9. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ മികവിലേക്ക് ഉയർത്തുക .

10. വിദ്യാലയത്തിൽ കൃഷിയിടം ഒരുക്കി കാർഷിക സംസ്കാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക .

11. വിദ്യാലയത്തെ ഹൈടെക് ആക്കി മാറ്റുക .

12. വിവിധ വിഷയങ്ങളിൽ നേടേണ്ട ശേഷികൾ നേടി എന്ന ഉറപ്പ് ലഭിക്കുന്ന തരത്തിൽ വിലയിരുത്തൽ സംവിധാനങ്ങൾ കാര്യക്ഷമമാക്കുക .

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക .

കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക ,

ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള അവസരം ഒരുക്കുക .

ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഭാഷാ ശേഷി വികസനം സാധ്യമാക്കുക മികച്ച വായനാശീലം വളർത്തുക .

### ഇംഗ്ലീഷ്

ആത്മവിശ്വാസത്തോടെ പ്രായത്തിനനുസരിച്ച് ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക .

ആവിഷ്കാരങ്ങൾക്കുള്ള അവസരങ്ങൾ നൽകുക .

സ്വതന്ത്ര വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക .

ലഭ്യമായ റിസോർസുകൾ ഉപയോഗപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം ക്ലാസ്സിൽ ആകർഷകമാക്കുക .

സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കൂടുതൽ മികച്ച രീതിയിൽ കുട്ടികൾക്ക് നൽകുക .

പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താല്പര്യമുള്ള ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. പരീക്ഷണനിരീക്ഷണങ്ങളിൽ ഏർപ്പെടുക.

3. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സ്വന്തം ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

4. ഗണിത ചിന്താ യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

ഹിന്ദി

1. രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദിക്ക് അർഹമായ സ്ഥാനം നൽകുക.

2. കുട്ടികൾ നേടിയ ശേഷികൾക്ക് അനുസരിച്ച് ലളിതമായ രചനകൾ നടത്തുക.

3. ലളിതമായ രീതിയിൽ ആശയവിനിമ ശേഷി വർദ്ധിപ്പിക്കുക .

4. ഹിന്ദി സാഹിത്യം പരിചയപ്പെടുത്തുക.

### കലാകായിക പഠനം

1. കുട്ടികളിലെ കലാകായിക മികവുകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ നടത്തുക.

2. കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

3. കലാകായിക മികവുകൾ കണ്ടെത്തി പരിശീലനം നൽകുക.

### ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ കുട്ടികൾക്ക് ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

### വിലയിരുത്തൽ സംവിധാനങ്ങൾ

1. പ്രതിമാസ ടെസ്റ്റുകൾ നടത്തി ഓരോ വിഷയത്തിലും ഉള്ള പുരോഗതി വിലയിരുത്തുന്നു.

2. ക്ലാസ് പിടിഎകൾ ഓരോ മാസവും ചേർന്ന് കുട്ടികളുടെ പുരോഗതി മാതാപിതാക്കളെ അറിയിക്കുന്നു.

## പ്രവർത്തന പദ്ധതികൾ

**മലയാളം**

പുസ്തക പ്രദർശനം

വായനാ മത്സരം

വായനാ ക്വിസ് മത്സരം

കുഞ്ഞു സാഹിത്യകാരന്മാരെ ആദരിക്കൽ.

ഉച്ച വായന.

ക്ലാസ് തല മാഗസിൻ.

രചനോത്സവം

ചുമതല : അതാത് അധ്യാപകർ

സാമ്പത്തീകം :2500 രൂപ

ഉറവിടം: PTA

വായനോത്സവം.

സചിത്ര പാഠങ്ങൾ രൂപീകരിക്കൽ.

പാട്ടരങ്ങ്

റീഡേഴ്സ് തിയേറ്റർ.

അഭിനയ പാഠങ്ങൾ.

ഇംഗ്ലീഷ്

ഇംഗ്ലീഷ് അസംബ്ലി

ഇംഗ്ലീഷ് ഡയറി

ഇംഗ്ലീഷ് ബുള്ളറ്റിൻ

റീഡിങ് കാർഡ് തയ്യാറാക്കൽ.

ഇംഗ്ലീഷ് ഡ്രാമ.

ഇംഗ്ലീഷ് ക്ലബ്ബ്.

ചുമതല : അതാത് അധ്യാപകർ

സാമ്പത്തികം :2500 രൂപ

ഉറവിടം: PTA

ഹിന്ദി

അടിസ്ഥാനശേഷികൾ നേടിയെടുക്കുക.

വായനാ മത്സരം.

ഹിന്ദി കുറിപ്പുകൾ തയ്യാറാക്കുക.

ചുമതല : അതാത് അധ്യാപകർ

സാമ്പത്തികം :1000

ഉറവിടം: PTA

ഗണിതം

ഗണിത ലാബ്

ഗണിത മൂല

വിവിധ ഗണിത കേളികൾ പരിചയപ്പെടൽ.

ഗണിത ഇടം തയ്യാറാക്കൽ.

ചുമതല : അതാത് അധ്യാപകർ

സാമ്പത്തികം :3000 രൂപ

ഉറവിടം: PTA,BRC

ശാസ്ത്രം

ലാബ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തൽ.

പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ.

കുട്ടി ശാസ്ത്രജ്ഞരെ കണ്ടെത്തൽ.

പരീക്ഷണ കിറ്റ് നൽകൽ.

പരീക്ഷണ ഫെസ്റ്റ് സംഘടിപ്പിക്കൽ.

ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ.

കൃഷി ചെയ്യൽ.

ചുമതല : അതാത് അധ്യാപകർ

സാമ്പത്തികം :3500 രൂപ

ഉറവിടം: PTA,BRC

സാമൂഹിക അവബോധം

നാടിനെ അറിയാനും നാടിന്റെ ചരിത്രത്തെ രേഖയാക്കി മാറ്റാനും.

പൊതു സ്ഥാപനങ്ങൾ പൊതു ഇടങ്ങൾ എന്നിവയിലേക്ക് ഫീൽഡ് ട്രിപ്പ്.

എന്റെ രാജ്യം എന്റെ അഭിമാനം.

സാമൂഹ്യ ഇടപെടൽ സാധ്യമാകുന്ന പ്രവർത്തനങ്ങൾ.

ചുമതല : അതാത് അധ്യാപകർ

സാമ്പത്തികം :1000 രൂപ

ഉറവിടം:PTA

മറ്റ് പ്രവർത്തനങ്ങൾ

ദിനാചരണങ്ങളോടനുബന്ധിച്ച് നടത്തുന്ന തനത് പ്രവർത്തനങ്ങൾ.

വിദ്യാലയ മാതൃക അസംബ്ലി.

കരാട്ടെ പരിശീലനം.

കവലയിൽ ഒരു ലൈബ്രറി.

കലാകായിക പരിശീലനം.

കുഞ്ഞുപുസ്തകങ്ങൾ തയ്യാറാക്കൽ.

കുഞ്ഞു മോട്ടിവേഷൻ.

ജൈവ വൈവിധ്യ ഇടം.

ടാലന്റ് ലാബ്.

ചുമതല : എല്ലാ അധ്യാപകർക്കും

സാമ്പത്തികം :30000 രൂപ

ഉറവിടം: സാമൂഹിക പങ്കാളിത്തം

ബി .ആർ .സി